പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 851 28/9/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ 'നൂറ് ദിന' കർമ്മ പരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ നൂറ് ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.<br>1. <u>അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം:-</u> |
| (ബി) ഓരോ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 935 അവിവാഹിതരായ അമ്മമാരുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് ഭവനനിർമ്മാണത്തിനും, തയ്യൽ മെഷീൻ , തയ്യൽ പരിശീലനം, ആട് വളർത്തൽ, പെട്ടിക്കട, പശുവളർത്തൽ, കോഴി വളർത്തൽ, ഇടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി അനുവദിച്ച 689.08 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>2. <u>സൈക്കിൾ വിതരണ പദ്ധതി.</u><br>സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ് |
| (സി) ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആയതിലേയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ? | |

വിദ്യാർത്ഥികൾക്ക് സൈക്കിളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 3000/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ വച്ച് 16/9/2011 ൽ നിർവ്വഹിച്ചു. ഈ പദ്ധതിയുടെ ചെലവ് 186.72 ലക്ഷം രൂപയാണ്.

3. ഭവന നിർമ്മാണം.

സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള 2571 വീടുകളിൽ 270 കുടുംബങ്ങൾക്കുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

4. റേഷൻ കാർഡ് വിതരണം.

സംസ്ഥാനത്ത് സ്വന്തമായി റേഷൻകാർഡില്ലാത്ത 1854 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി.

5. MRS ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തൽ.

107 പ്രീമെട്രിക് ഹോസ്റ്റലുകൾ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ 18 MRS കൾ, എന്നിവിടങ്ങളിൽ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 81.39 ലക്ഷം ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

6. ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

7. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി പ്രാക്തനഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം, പരിസ്ഥിതി പരിപാലനം,

വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം, ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, ഭൂമി വാങ്ങി നൽകൽ എന്നിവയ്ക്കായി 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

8. ആറളം ഫാമിലെ 735 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ